**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1343** — **04-07-2022 - ൽ മറുപടിയ്ക്ക്**

**പട്ടാമ്പി - പൊതു വിദ്യാഭ്യാസ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുഹമ്മദ് മുഹസിൻ** | | **ശ്രീ വി ശിവൻകുട്ടി**<br>**(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | ഈ വർഷത്തെ ബഡ്ജറ്റിൽ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങൾക്കായി തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ ; | (എ) | **ഈ വർഷത്തിലെ ബഡ്ജറ്റിൽ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അടിസ്ഥാന സൗകര്യ വികസനത്തിനായി തുകയൊന്നും വകയിരുത്തിയിട്ടില്ല.** |
| (ബി) | പ്രസ്തുത പദ്ധതി ആരംഭിച്ചത് മുതൽ ഇതുവരെയുള്ള വർഷങ്ങളിൽ പട്ടാമ്പി മണ്ഡലത്തിൽ എത്ര സ്കൂള കൾക്ക് എത്ര തുക വീതം അനുവദിച്ചു; വിശദാംശം നൽകാമോ ? | (ബി) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ആരംഭിച്ചത് മുതൽ ഇതു വരെയുള്ള വർഷങ്ങളിൽ പട്ടാമ്പി മണ്ഡലത്തിൽ കിഫ്ബി ധന സഹായത്തോടെ നിർമ്മാണം നടന്നുവരുന്ന സ്കൂളുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**5 കോടി കിഫ്ബി പദ്ധതി**<br><br>5 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട നടുവട്ടം Govt. ജനതാ HSS സ്കൂളിന്റെ നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നിർവ്വഹിച്ചു.<br><br>**3 കോടി കിഫ്ബി പദ്ധതി**<br><br>3 കോടി കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട GHSS വാടാനക്കുറിശ്ശി, GVHSS കൊപ്പം എന്നീ സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.<br><br>GHSS പട്ടാമ്പി നിർമ്മാണം പുരോഗമിച്ചു വരുന്നു. 68% ത്തോളം നിർമ്മാണം പൂർത്തിയായിട്ടുണ്ട്.<br><br>GHSS ചുണ്ടംമ്പറ്റ, GOHSS പട്ടാമ്പി എന്നീ സ്കൂളുകളുടെ DPR തയ്യാറാക്കി കില LSGD മുഖാന്തിരം feasibility study നടത്തി. നിലവിൽ നിർമ്മാണങ്ങൾക്ക് പുതുക്കിയ DSR/GST നിരക്കുകൾ ബാധകമായതിനാൽ പുതുക്കിയ നിരക്ക് പ്രകാരമുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബിയുടെ സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | GUPS പട്ടാമ്പി സ്കൂളിന്റെ DPR തയ്യാറാക്കി കില LSGD മുഖാന്തിരം feasibility study നടത്തിയിരുന്നു. coverage issue ഉണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിലുള്ള പ്ലാനിൽ ചില മാറ്റങ്ങൾ വരുത്തിയാൽ മാത്രമേ feasible കാറ്റഗറിയിൽ ഉൾപ്പെടുത്താൻ കഴിയൂ. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>**1 കോടി കിഫ്ബി പദ്ധതി**<br><br>1 കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട GHS വിളയൂർ, GUPS നരിപ്പറമ്പ എന്നീ സ്കൂളുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. 70%ത്തോളം നിർമ്മാണം പൂർത്തിയായിട്ടുണ്ട്.<br><br>വല്ലപ്പുഴ GHSന്റെ നിർമ്മാണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ